# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 47** **10.03.2015 - ൽ മറുപടിക്ക്**

## നിർമ്മാണ മേഖലയിലെ പ്രതിസന്ധി

ചോദ്യം

ശ്രീ.എ.എം. ആരിഫ്
ശ്രീ.കെ. രാധാകൃഷ്ണൻ
ശ്രീ.ബി. സത്യൻ
ശ്രീ. വി. ചെന്താമരാക്ഷൻ

**മറുപടി**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും അമിത വിലയും നിർമ്മാണ വ്യവസായ മേഖലയിൽ പ്രതിസന്ധിക്ക് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനിടയാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അവലോകനം നടത്തിയിട്ടുണ്ടോ ;

(എ) & (ബി) : വിലയിരുത്തിയിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെയും ദേശീയ ഹരിത ട്രൈബ്യൂണലിന്റെയും ഉത്തരവുകൾ കാരണം നിർമ്മാണ സാമഗ്രികളായ കരിങ്കല്ല്, മണൽ, എന്നിവയുടെ ഖനനാനുമതി പുതുക്കി നൽകുന്നതിന് തടസ്സം നേരിടുന്നുണ്ട്. മണലിന്റെ ലഭ്യതക്കുറവ്, സിമന്റ് കമ്പി, ഹോളോ ബ്രിക്സ്, മെറ്റൽ തുടങ്ങിയവയുടെ വിലവർദ്ധനവും നിർമ്മാണമേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. മണലിന്റെ ലഭ്യതക്കുറവ് ഒരു പരിധി വരെയെങ്കിലും പരിഹരിക്കുന്നതിനായി സിഡ്കോയുടെ വിപണന വിഭാഗം മണലിന്റെ വിതരണം സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

അതാത് ജില്ലകളിലെ വിവിധ ഡാമുകളിൽ നിന്നും സാങ്കേതിക മാനദണ്ഡങ്ങളനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ അനുവദനീയമായ രീതിയിൽ സംഭരിക്കുന്നതിന് പ്രായോഗിക പദ്ധതി തയ്യാറാക്കുന്നതിനും അപ്രകാരം സംഭരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് 04/03/2014-ലെ സ.ഉ.(എം.എസ്സ്) 38/14/വ്യവ പ്രകാരം കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സിഡ്കോ അസംസ്കൃത വിപണന വിഭാഗം മുൻകൈയ്യെടുത്ത് സിമന്റ്, കമ്പി, തുടങ്ങിയ സാമഗ്രികൾ ന്യായ വിലയ്ക്ക് വിതരണം ചെയ്തു വരുന്നു.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങളുടെയും നിലപാടുകളുടെയും ഫലമായി ഇത്തരത്തിൽ അമിത വിലയും ദൗർലഭ്യവും ഉണ്ടാകുന്നതിന് കാരണമാകുന്നു എന്നതിൽ നിലപാട് വ്യക്തമാക്കുമോ ?

(സി) : നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും ആവശ്യക്കാരുടെ വർദ്ധനവും അമിതോപയോഗവും ഇവയുടെ ദൗർലഭ്യത്തിനും അമിതവിലയ്ക്കും കാരണമാകുന്നുണ്ട്.

സെക്ഷൻ ഓഫീസർ